പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 198 | 26/02/2018 ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്ഷ്യ വസ്തുക്കളുടെ പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. കൃഷ്ണൻകുട്ടി**<br>**,, സി.കെ.നാണു**<br>**,, കോവൂർ കുഞ്ഞുമോൻ**<br>**,, കെ.ബി.ഗണേഷ് കുമാർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കാൻ എത്ര ഉദ്യോഗസ്ഥരെയാണ് നിയമിച്ചിട്ടുള്ളത്; | എ) | ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുവാൻ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളിൽ 104 ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. |
| ബി) | ഇവ പരിശോധിക്കാൻ എത്ര ആധുനിക ലാബുകൾ സംസ്ഥാനത്ത് നിലവിലുണ്ട്; | ബി) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ എൻ എ ബി എൽ അക്രിറ്റേഷൻ ലഭിച്ചിട്ടുള്ള മൂന്ന് ലാബുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിലവിലുണ്ട്. |
| സി) | കഴിഞ്ഞ അഞ്ചു വർഷത്തിൽ ഭക്ഷ്യ വസ്തുക്കളിൽ മായം കലർത്തിയതിന് എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്; ആയതിന് പരമാവധി ശിക്ഷ എന്താണെന്ന് വ്യക്തമാക്കുമോ? | സി) | കഴിഞ്ഞ അഞ്ചു വർഷത്തിൽ ഭക്ഷ്യ വസ്തുക്കളിൽ മായം കലർത്തിയതിന് 281 പേരെ ശിക്ഷിച്ചിട്ടുണ്ട്. മായം കലർത്തുന്നതിനുള്ള പരമാവധി ശിക്ഷ 7 വർഷം മുതൽ ജീവപര്യന്തം വരെയുള്ള തടവ് ശിക്ഷയും, പത്ത് ലക്ഷം രൂപയിൽ കുറയാതെയുള്ള പിഴയുമാണ്. |

സെക്ഷൻ ഓഫീസർ